(സി) മരണാനന്തര സഹായം, പെൺമക്കളുടെ വിവാഹ സഹായം, പ്രസവാനുകൂല്യം എന്നിവയ്ക്കായി യഥാക്രമം 8,5,2 വീതം അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ഇവയിൽ സഹായധനം വിതരണം ചെയ്തിട്ടുള്ളതുമാകുന്നു.

സി-ഡിറ്റിലെ ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ

68 (4103) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിലെ ജീവനക്കർക്ക് സർവ്വീസ് അപാകതകളും വിവേചനങ്ങളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതു പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സി-ഡിറ്റ് ജീവനക്കാരിൽനിന്നും സർവ്വീസ് അപാകതകൾ സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സി-ഡിറ്റ് രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സി-ഡിറ്റിലെ കൊറിയർ ഇടപാട് അഴിമതി

69 (4104) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിൽ കൊറിയർ ഇടപാടിൽ അഴിമതി നടന്നു എന്ന പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly